# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,

തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379

ഇമെയിൽ - obcdirectorate@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in


BCDIR/B2/3/2019 ഭരണഭാഷ – മാതൃഭാഷ തീയതി : 23.05.2019

## സർക്കുലർ

വിഷയം – പിന്നാക്ക വിഭാഗ വികസനം – പ്രീമട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്കും, തത്തുല്യമായ ആനുകൂല്യം അനുവദിച്ചിട്ടുള്ള ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ് അനുവദിക്കുന്നതിന് വിദ്യാലയ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന - സ.ഉ.(എം.എസ്) 10/2014/പി.സ.വി.വ തീയതി 23.05.2014

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്, സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ വിഭാഗം (ഒ.ഇ.സി) വിദ്യാർത്ഥികൾക്കും, സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം ആറ് ലക്ഷം രൂപ വാർഷിക വരുമാന പരിധിയിക്ക് വിധേയമായി ഒ.ഇ.സി വിഭാഗങ്ങളുടേതിന് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുള്ള ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും അർഹമായ തുക 2019-20 മുതൽ **ഇ-ഗ്രാന്റ്സ് 3.0** പോർട്ടൽ മുഖേന വിതരണം ചെയ്യുന്നതാണ്. സ്കൂൾ പ്രധാനാധ്യാപകർ അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ *www.egrantz.kerala.gov.in* എന്ന സ്കോളർഷിപ്പ് പോർട്ടലിലൂടെ ഓൺലൈൻ ആയി 10.06.2019 നകം പിന്നാക്ക വിഭാഗ വികസന വകുപ്പിന് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

***നിർദ്ദേശങ്ങൾ***

1. പട്ടികജാതി വിഭാഗം വിദ്യാത്ഥികളുടെ പ്രീമെട്രിക് തല വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട പട്ടികജാതി വികസന ആഫീസർ ലഭ്യമാക്കിയിട്ടുള്ള യൂസർ നെയിം, പാസ് വേർഡ് എന്നിവ ഉപയോഗിച്ചാണ് **ഇ-ഗ്രാന്റ്സ്** പോർട്ടലിൽ ലോഗിൻ ചെയ്യേണ്ടത്.
2. **ഇ-ഗ്രാന്റ്സ്** Login Credentials ഇനിയും ലഭ്യമായിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട പട്ടികജാതി വികസന ആഫീസർമാരുമായി (ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) ബന്ധപ്പെട്ട് യൂസർ നെയിം, പാസ് വേർഡ് എന്നിവ കരസ്ഥമാക്കാവുന്നതാണ്.
3. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ **"സമ്പൂർണ്ണ"** പോർട്ടലിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത അൺ എയ്ഡഡ്, സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂളുകൾ കൈറ്റ് (ഐ.റ്റി. @സ്കൂൾ) ജില്ലാ ആഫീസുകളുമായോ, ജില്ലാ കോർഡിനേറ്റർമാരുമായോ ബന്ധപ്പെട്ട് **"സമ്പൂർണ്ണ"** രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതാണ്. ഇപ്രകാരം **"സമ്പൂർണ്ണ"** പോർട്ടലിൽ രജിസ്റ്റർ ചെയ്ത ശേഷം മാത്രമേ ഇ ഗ്രാന്റ്സ് Login Credentials നായി പട്ടികജാതി വികസന ആഫീസറുമായി ബന്ധപ്പെടേണ്ടതുള്ളൂ.

4. ഒ.ഇ.സി വിദ്യാഭ്യാസാനുകൂല്യത്തിന് അർഹരായ സമുദായങ്ങളുടെ പട്ടികകൾ അനുബന്ധം 1, 2 ആയി ചേർക്കുന്നു. അനുബന്ധം 1 ലെ സമുദായങ്ങൾക്ക് വരുമാന പരിധി ബാധകമല്ല. അനുബന്ധം 2 ലെ സമുദായങ്ങളുടെ കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ അധികരിക്കരുത്.
5. സ്കൂൾ രേഖകൾ പ്രകാരമുള്ള ജാതി ആണ് ഓൺലൈനിൽ എന്റർ ചെയ്യേണ്ടത്.
6. ആവശ്യമെങ്കിൽ പ്രധാനാധ്യാപകന് റവന്യൂ അധികൃതരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്/വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.
7. ഓരോ ക്ലാസ്സിലേയും വിദ്യാർത്ഥികൾക്ക് ഒരു വർഷത്തേക്ക് അർഹമായ തുക ചുവടെ ചേർക്കുന്നു.

| Class | Lumpsum Grant (Govt/Aided/Unaided/Affiliated) | Fee – Reimbursement (Unaided & Affiliated Schools only) |
|---|---|---|
| Std I - IV | ₹ 320 | ₹ 1333 |
| Std V - VII | ₹ 630 | ₹ 1333 |
| Std VIII - X | ₹ 940 | ₹ 2000 |

8. ഒരേ ക്ലാസ്സിൽ ആവർത്തിച്ച് പഠിക്കുന്നവർക്ക് (Repeater) മേൽപ്രകാരമുള്ള തുകയുടെ പകുതി മാത്രമേ അനുവദിക്കൂ.
9. വിദ്യാഭ്യാസാനുകൂല്യങ്ങൾ **വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക്** ട്രാൻസ്ഫർ ചെയ്യുന്നതാണ്. ആയതിനാൽ വിദ്യാർത്ഥിയുടെ പേരിലുള്ളതോ, വിദ്യാർത്ഥിയുടേയും, രക്ഷിതാവിന്റേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടോ മാത്രം എന്റർ ചെയ്യേണ്ടതാണ്. പ്രസ്തുത അക്കൗണ്ട് ലൈവ് ആണെന്ന് ഉറപ്പാക്കുന്നതിന് വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. എന്റർ ചെയ്യുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങളുടെ കൃത്യതയിൽ പ്രധാനാധ്യാപകരുടെ വ്യക്തിപരമായ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.
10. ഒ.ഇ.സി വിദ്യാഭ്യാസാനുകൂല്യത്തിന് വിദ്യാർത്ഥികൾ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതില്ല. സ്കൂൾ അധികൃതർക്ക് വിവരശേഖരണത്തിനായി ഉപയോഗിക്കുന്നതിനുള്ള മാതൃകാഫാറം ഇ-ഗ്രാന്റ്സ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
11. **സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങൾ** ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികളുടെ ലിസ്റ്റ് ഓൺ ലൈൻ ആയി പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. **ഹാർഡ് കോപ്പി സമർപ്പിക്കേണ്ടതില്ല.**
12. **സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂളുകൾ ഡാറ്റാ എൻട്രിയ്ക്ക് ശേഷം ലഭ്യമാകുന്ന ലിസ്റ്റിന്റെ പ്രിന്റ് ഔട്ട് ബന്ധപ്പെട്ട DEO/AEO യ്ക്ക് സമർപ്പിച്ച് മേലൊപ്പ് ചാർത്തി ചുവടെ പറയുന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മാർഗ്ഗമോ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. LP,UP സ്കൂളുകളിലെ ലിസ്റ്റ് AEO യും ഹൈസ്കൂളുകളിലെ ലിസ്റ്റ് DEO യും ആണ് മേലൊപ്പ് ചാർത്തേണ്ടത്. ലിസ്റ്റ് ഓൺലൈൻ ആയും ഫോർവേഡ് ചെയ്യേണ്ടതാണ്.**

**അയക്കേണ്ട വിലാസം**

| | |
|---|---|
| തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലെ സ്ഥാപനങ്ങൾ | തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലെ സ്ഥാപനങ്ങൾ |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ രണ്ടാം നില<br>കാക്കനാട്, എറണാകുളം, പിൻ - 682030 | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ ഒന്നാം നില<br>കോഴിക്കോട്, പിൻ - 673020 |

13. ഇ ഗ്രാന്റ്സ് ഡാറ്റാ എൻട്രി സംബന്ധിച്ച നിർദ്ദേശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു. ഇതുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് ചുവടെ പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

എറണാകുളം മേഖല – 0484 2429130

കോഴിക്കോട് മേഖല – 0495 2377786

14. പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം അധ്യയന വർഷാരംഭത്തിൽത്തന്നെ വിതരണം ചെയ്യേണ്ടുന്നതിനാൽ നിശ്ചിത സമയത്തിനകം വിവരങ്ങൾ ഓൺലൈൻ എൻട്രി നടത്തുന്നതിന് പ്രധാനാധ്യാപകർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

പകർപ്പ്
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പി.വി.വി.വ (ഉപരിപത്രം സഹിതം)
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് (ഉപരിപത്രം സഹിതം)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (ഉപരിപത്രം സഹിതം)
രജിസ്ട്രാർ, സി-ഡിറ്റ് (ഉപരിപത്രം സഹിതം)
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ – എറണാകുളം/കോഴിക്കോട്
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ - എല്ലാ ജില്ലകളിലേക്കും
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ (ഇ മെയിൽ മുഖേന)
എല്ലാ പട്ടികജാതി വികസന ആഫീസർമാർക്കും (പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന)
എല്ലാ സ്കൂൾ പ്രധാനാധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
ഐ.ടി ഡിവിഷൻ കോർഡിനേറ്റർ, പി.വി.വി.വ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർ, ഇ ഗ്രാന്റ്സ് 3.0
കരുതൽ/അധികം

## അനുബന്ധം 1

***ഒ.ഇ.സി പട്ടിക***

| *ക്രമ നമ്പർ* | *സമുദായത്തിന്റെ പേര്* |
|---|---|
| 01 | Chakkamar |
| 02 | Madiga |
| 03 | Kudumbi |
| 04 | Dheevara/ Dheevaran<br>(Arayan, Valan, Nulayan, Mukkuvan, Arayavathi, Valanchiyar, Paniyakal, Mokaya, Bovi, Magayar, Mogaveerar) |
| 05 | Scheduled Caste converted to Christianity |
| 06 | Kusavan, Kulalan, Kumbharan, Velaan, Odan, Andhra Nair, Andhuru Nair |
| 07 | PulayaVettuvan (Except Kochi State) |

**സ.ഉ.(എം.എസ്) നം. 10/2014/പിസവിവ തീയതി 23.05.14 പ്രകാരം 6 ലക്ഷം രൂപ വാർഷിക വരുമാനത്തിന് വിധേയമായി ഒ.ഇ.സി ക്ക് തുല്യമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന സമുദായങ്ങളുടെ പട്ടിക**

| *നമ്പർ* | *സമുദായത്തിന്റെ പേര്* |
|---|---|
| 01. | Vaniya (Vanika, VanikaVaisya, Vanibha Chetty, Vaniya Chetty, Ayiravar, Nagarathar and Vaniyan |
| 02. | Veluthedathu Nair (Veluthedan and Vannathan) |
| 03. | Chetty/Chetties (Kottar Chetties, Parakka Chetties, Elur Chetties, Attingal Chetties, Pudukkada Chetties, Iraniel Chetties, Sri Pandara Chetties, Telugu Chetties, Udiyankulangara Chetties, Peroorkada Chetties, Sadhu Chetties, 24 Mana Chetties, Wayanadan Chetties, Kalavara Chetties and 24 Mana Telugu Chetties |
| 04. | Ezhavathi (Vathy) |
| 05. | Ganika |
| 06. | Kanisu or Kaniyar Panicker, Kani or Kaniyan (Ganaka) or Kanisan or Kamnan, KalariKurup / Kalari Panicker |
| 07. | Vilkurup, Perumkollan |
| 08. | Yadavas (Kolaya, Ayar, Mayar, Maniyani and Iruman), Erumakkar |
| 09. | Devanga |
| 10. | Pattariyas |
| 11. | Saliyas (Chaliya, Chaliyan) |
| 12. | Pandithar |
| 13. | Vaniar |
| 14. | Ezhuthachan |
| 15. | Chakkala / Chakkala Nair |
| 16. | Reddiars (throughout the State except in Malabar Area) |
| 17. | Kavuthiya |
| 18. | Veerasaiva (Yogi, Yogeeswara, Poopandaram, Malapandaram, Jangam, Matapathi, Pandaram, Pandaran, Vairavi, Vairagi) |
| 19. | Vilakkithala Nair –Vilakkithalavan |
| 20. | Vaduka–Vadukan, Vadugar, Vaduka, Vaduvan |
| 21. | Chavalakkaran |
| 22. | Agasa |
| 23. | Kaikolan |
| 24. | Kannadiyans |
| 25. | Kerala Mudalis |
| 26. | Madivala |
| 27. | Naikkans |
| 28. | Tholkolans |
| 29. | Thottian |
| 30. | Mooppar or Kallan Moopan or Kallan Moopar |

# ഇ-ഗ്രാന്റ്സ് 3.0

## പിന്നാക്ക വിഭാഗ വികസന വകുപ്പ്
## ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം
## സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള ഇ-ഗ്രാന്റ്സ് മാർഗ്ഗരേഖ

ഒ.ഇ.സി വിദ്യാഭ്യാസാനുകൂല്യം ലഭ്യമാക്കുന്നതിനായി ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേന വിവരങ്ങൾ സമർപ്പിക്കുന്നതിന് സ്കൂൾ തലത്തിൽ ക്ലാർക്ക്, സ്ഥാപനമേധാവി എന്നിങ്ങനെ 2 ലോഗിനുകളാണ് ഉള്ളത്. സ്കൂൾ തല ലോഗിൻ ഐ.ഡി, പാസ് വേർഡ് എന്നിവ ലഭ്യമാക്കുന്നത് ബന്ധപ്പെട്ട പട്ടികജാതി വികസന ആഫീസർമാരാണ് (SCDO). പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ഡാറ്റ എൻട്രിയ്ക്കായി ലഭ്യമാക്കിയിട്ടുള്ള അതേ ലോഗിൻ ഉപയോഗിച്ച് ഒ.ഇ.സി ഡാറ്റാ എൻട്രിയും നടത്താവുന്നതാണ്. സ്ഥാപനത്തിന് ലോഗിൻ ലഭ്യമായാൽ ആദ്യം സ്ഥാപന മേധാവിയുടെ (HM/Principal) ലോഗിനിൽ വഴി സ്ഥാപനത്തിലെ ക്ലാസ്സുകൾ എല്ലാം Add ചെയ്യണം. അതിനു ശേഷം ക്ലാർക്കിന്റെ ലോഗിൻ വഴി വിദ്യാർത്ഥികളുടെ വിവരങ്ങൾ എന്റർ ചെയ്യാവുന്നതാണ്. ഡാറ്റ എന്റർ ചെയ്യുന്നതിനും, ഫോർവേഡ് ചെയ്യുന്നതിനും ഉള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**ക്ലാർക്കിന്റെ ലോഗിൻ**

**1. Add New Student/പുതിയതായി വിദ്യാർത്ഥികളെ ഉൾപ്പെടുത്താൻ**

- ഹോം പേജിൽ Add New Student എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക.
- വിദ്യാർത്ഥിയുടെ പേര്, ആധാർ നമ്പർ എന്നീ അടിസ്ഥാന വിവരങ്ങൾ എന്റർ ചെയ്യുക. (ആധാർ ഇല്ലാത്തവർക്ക് ആധാർ സംബന്ധമായ വിവരങ്ങൾ എന്റർ ചെയ്യാതെ സ്ഥാപനം മുഖേന തന്നെ ഡാറ്റ എന്റർ ചെയ്യുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരെ ബന്ധപ്പെടേണ്ടതാണ്)
- Validate Adhaar എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
- തുടർന്ന് വരുന്ന ജാലകത്തിൽ അഡ്മിഷൻ നമ്പർ നൽകി get details എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. ഇപ്പോൾ സമ്പൂർണ്ണ സോഫ്റ്റ് വെയറിൽ നിന്നുള്ള വിദ്യാർത്ഥിയുടെ പ്രാഥമിക വിവരങ്ങൾ അടങ്ങിയ പേജ് ലഭ്യമാകും.
- സമ്പൂർണയിൽ ലഭ്യമല്ലാത്ത വിവരങ്ങൾ ഈ പേജിൽ രേഖപ്പെടുത്തുക.
- ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.
- മറ്റ് വിവരങ്ങൾ (Other Details) രേഖപ്പെടുത്താനുള്ള രണ്ടാമത്തെ പേജ് ലഭിക്കുന്നു.
- രക്ഷാകർത്താവിന്റെ വിവരങ്ങൾ, (പേര്, വിഭാഗം,ജാതി, തൊഴിൽ), രക്ഷാകർത്താവുമായുള്ള ബന്ധം, വാർഷിക വരുമാനം (ബാധകമെങ്കിൽ മാത്രം) തുടങ്ങിയ വിവരങ്ങൾ എന്റർ ചെയ്യുക.
- ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.

- ബാങ്ക് അക്കൌണ്ട് സംബന്ധമായ വിവരങ്ങൾ ചേർക്കുന്നതിനുള്ള പേജ് ലഭിക്കുന്നു. അക്കൌണ്ട് സംബന്ധമായ വിവരങ്ങളിലെ ന്യൂനത തുക ട്രാൻസ്ഫർ ചെയ്യുമ്പോൾ Rejection ന് കാരണമാകും. ആയതിനാൽ കൃത്യമായ വിവരങ്ങളാണ് ചേർക്കുന്നതെന്ന് പ്രത്യേകം ഉറപ്പാക്കണം. ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്/അക്കൌണ്ട് സംബന്ധമായ വിവരങ്ങൾ ചേർത്ത ബാങ്കിന്റെ സീൽ കൂടി പതിച്ച രേഖ സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രേഖയുടെ അടിസ്ഥാനത്തിലാണ് വിവരങ്ങൾ ചേർക്കേണ്ടത്.
- ബാങ്കിന്റെ ബ്രാഞ്ച് സ്ഥിതി ചെയ്യുന്ന ജില്ല, ബാങ്കിന്റെ പേര്, ബ്രാഞ്ചിന്റെ പേര്, അക്കൌണ്ട് നമ്പർ എന്നിവ രേഖപ്പെടുത്തുക. ബാങ്ക്, ബ്രാഞ്ച് എന്നിവ ശരിയായി നൽകിയാൽ IFSC തനിയെ ലഭ്യമാകും.
- വിദ്യാർത്ഥിയുടെ പേരിലുള്ളതോ, അല്ലെങ്കിൽ വിദ്യാർത്ഥിയുടേയും രക്ഷാകർത്താവിന്റേയും പേരിലുള്ള ജോയിന്റ് അക്കൌണ്ടോ മാത്രമേ ചേർക്കാൻ പാടുള്ളൂ.
- വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം Save ബട്ടൺ ക്ലിക്ക് ചെയ്യുക.

## 2. Apply for Scholarship/Grant – ഗ്രാന്റിന് അപേക്ഷ സമർപ്പിക്കുവാൻ

- ഹോം പേജിൽ Apply for Scholarship/Grant എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.
- സ്കീം, ക്ലാസ്, ക്ലാസ് അവസാനിക്കുന്ന വർഷം എന്നിവ സെലക്ട് ചെയ്യുക.
- പ്രസ്തുത സ്കീമിന് അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാകും.
- ലിസ്റ്റ് പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം Apply ബട്ടൺ ക്ലിക്ക് ചെയ്യുക.

## HM/Principal ലോഗിൻ

- ക്ലാർക്ക് ലോഗിനിൽ നിന്നും ഫോർവേർഡ് ചെയ്യുന്ന ഒ.ഇ.സി ഗ്രാന്റിനുള്ള അപേക്ഷകൾ പ്രിൻസിപ്പാളിന്റെ ലോഗിനിലെ Verification എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് Verify ചെയ്തതിന് ശേഷം പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്.
- **സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങൾ** ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികളുടെ ലിസ്റ്റ് ഓൺ ലൈൻ ആയി പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. **ഹാർഡ് കോപ്പി സമർപ്പിക്കേണ്ടതില്ല.**
- **സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂളുകൾ ഡാറ്റാ എൻട്രിയ്ക്ക് ശേഷം ലഭ്യമാകുന്ന ലിസ്റ്റിന്റെ പ്രിന്റ് ഔട്ട് സ്ഥാപനമേധാവിയുടെ ഒപ്പും സീലും സഹിതം ബന്ധപ്പെട്ട DEO/AEO യ്ക്ക് സമർപ്പിച്ച് മേലൊപ്പ് ചാർത്തി ഇനി പറയുന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മാർഗ്ഗമോ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. LP,UP സ്കൂളുകളിലെ ലിസ്റ്റ് AEO യും ഹൈസ്കൂളുകളിലെ ലിസ്റ്റ് DEO യും ആണ് മേലൊപ്പ് ചാർത്തേണ്ടത്. ലിസ്റ്റ് ഓൺലൈൻ ആയും ഫോർവേഡ് ചെയ്യേണ്ടതാണ്.**

**അയക്കേണ്ട വിലാസം**

| | |
|---|---|
| തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലെ സ്ഥാപനങ്ങൾ | തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലെ സ്ഥാപനങ്ങൾ |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ രണ്ടാം നില<br>കാക്കനാട്, എറണാകുളം, പിൻ - 682030<br>ഫോൺ - 0484 2429130 | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ ഒന്നാം നില<br>കോഴിക്കോട്പിൻ - 673020<br>ഫോൺ - 0495 2377786 |

ഒ.ഇ.സി ഡാറ്റാ എൻട്രിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് ബന്ധപ്പെട്ട ജില്ലകളിലെ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളുമായി ചുവടെ പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

എറണാകുളം മേഖല – 0484 2429130

കോഴിക്കോട് മേഖല – 0495 2377786

(ഒപ്പ്)
ഡയറക്ടർ
പിന്നാക്ക വിഭാഗ വികസന വകുപ്പ്